STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 email : scolekerala@gmail.com

സി1/1608/2025/സ്കോൾ കേരള                    തീയതി : 18.06.2025

# വിജ്ഞാപനം

## സ്കോൾ-കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ കോഴ്സ് (ഡി.സി.എ)

## പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ-കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് പതിനൊന്നാം ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി അല്ലെങ്കിൽ സർക്കാർ അംഗീകൃത തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായപരിധി ഇല്ലാതെ അപേക്ഷിക്കാവുന്നതാണ്. **25.06.2025** മുതൽ **www.scolekerala.org** എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾക്ക് യോഗ്യതയായി സർക്കാർ അംഗീകരിച്ച കോഴ്സാണ് ഡി.സി.എ. എസ്.എസ്.എൽ.സി./തത്തുല്ല്യ യോഗ്യതയുള്ള വിദ്യാർഥികൾക്ക് സ്കോൾ-കേരള നടത്തുന്ന കോഴ്സിന് ചേർന്ന് പഠിക്കാം. റെഗുലർ വിദ്യാഭ്യാസത്തോടൊപ്പം സമാന്തരമായി പഠനം നടത്താവുന്ന രീതിയിലും ഒന്നുംരണ്ടും വർഷ ഹയർസെക്കൻഡറി കോഴ്സിനോടൊപ്പം റെഗുലർ വിദ്യാർഥികൾക്കും പഠിക്കാവുന്ന രീതിയിലുമാണ് കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിലിനോടൊപ്പം പഠനം നടത്താൻ അവസരം ലഭ്യമാണ്.

വിദ്യാർത്ഥികളുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതും ഓൺലൈൻ ആയി ഫീസ് ഒടുക്കി സ്കൂളുകൾ സെലക്ട് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതുമാണ്.

കോഴ്സ് കാലാവധി 6 മാസം (ആകെ 240 മണിക്കൂർ) ആണ്. **5300/-** രൂപയാണ് കോഴ്സ് ഫീസ്. ഇത് രണ്ടു ഗഡുക്കളായും അടയ്ക്കാവുന്നതാണ്. പിഴ കൂടാതെ **15.07.2025** വരെയും 60 രൂപ പിഴയോടെ **25.07.2025** വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം -12 എന്ന വിലാസത്തിൽ സ്പീഡ്/രജിസ്റ്റേർഡ് തപാൽ മാർഗം എത്തിക്കേണ്ടതാണ്. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും, കൈപ്പുസ്തകത്തിനും സ്കോൾ-കേരള വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾ 0471- 2342950, 2342271, 2342369 എന്നീ ഫോൺ നമ്പറുകളിൽ നിന്നും ലഭിക്കുന്നതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

C1/E/SCOLE/DCA/LettersMal/506

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram - 695012
Phone: 2342950, 2342271, 2342369 email : scolekerala@gmail.com

സി1/1608/2025/സ്കോൾ-കേരള തീയതി : 18.06.2025

# ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (DCA) പതിനൊന്നാം ബാച്ച് പ്രവേശനം

## പൊതു വിവരങ്ങൾ

സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പിഎസ്‌സി മുഖേനെയുള്ള നിയമനങ്ങൾക്ക് യോഗ്യതയായി സർക്കാർ അംഗീകരിച്ച കോഴ്സാണ് ഡിസിഎ. എസ്.എസ്.എൽ.സി./തത്തുല്ല്യ യോഗ്യതയുള്ള വിദ്യാർഥികൾക്ക് സ്കോൾ-കേരള നടത്തുന്ന കോഴ്സിന് ചേർന്ന് പഠിക്കാം. റെഗുലർ വിദ്യാഭ്യാസത്തോടൊപ്പം സമാന്തരമായി പഠനം നടത്താവുന്ന രീതിയിലും ഒന്നുംരണ്ടും വർഷ ഹയർസെക്കൻഡറി കോഴ്സിനോടൊപ്പം റെഗുലർ വിദ്യാർഥികൾക്കും പഠിക്കാവുന്ന രീതിയിലുമാണ് കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ/അർദ്ധസർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ജോലിയോടൊപ്പം പഠിക്കാനുള്ള അവസരം ലഭ്യമാണ്.

### ■ കോഴ്സ് കാലാവധി

കോഴ്സിന്റെ കാലാവധി 6 മാസം (240 മണിക്കൂർ). ശനി, ഞായർ, മറ്റു പൊതു അവധി ദിവസങ്ങളിലായി ആകെ 240 മണിക്കൂർ ക്ലാസുകൾ നൽകുന്നു.

### ■ ഫീസ് ഘടന

| | | |
|---|---|---|
| • പ്രവേശന ഫീസ് | - | 100 |
| • കോഴ്സ് ഫീസ് | - | 5,000 |
| • കോഷൻ ഡെപ്പോസിറ്റ് | - | 200 |
| **ആകെ** | - | **5,300** |

കോഴ്സ് ഫീസ് പൂർണമായോ രണ്ട് ഗഡുക്കളായോ ഒടുക്കാവുന്നതാണ്. ഗഡുക്കളായി ഒടുക്കുന്നവർ കോഴ്സ് ഫീസിന്റെ **50%** പ്രവേശന സമയത്തും ബാക്കി **50%** കോഴ്സ് അവസാനിക്കും മുമ്പും ഒടുക്കേണ്ടതാണ്.

### ■ പഠനസഹായികൾ

ഡി.സി.എ കോഴ്സിന് രജിസ്റ്റർ ചെയ്യുന്നവർക്ക് ലളിതമായ ഭാഷയിൽ തയാറാക്കിയിട്ടുള്ള പഠനസഹായികൾ സൗജന്യമായി നൽകുന്നതാണ്. പഠനോപകരണങ്ങൾ അതത് പഠനകേന്ദ്രത്തിൽ നിന്നും ലഭ്യമാക്കും. കോഴ്സിന്റെ സിലബസ് സ്കോൾ-കേരള വെബ് സൈറ്റിൽ ലഭ്യമാണ്.

■ **പഠനകേന്ദ്രങ്ങൾ**

എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത ഗവൺമെന്റ്/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകൾ, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ എന്നിവ ഡി.സി.എ പഠന കേന്ദ്രങ്ങളാണ്. ഒരു ബാച്ചിൽ പരമാവധി 35, കുറഞ്ഞത് 20 വിദ്യാർഥികൾ ഉൾക്കൊള്ളുന്ന രീതിയിലാണ് ബാച്ചുകൾ ക്രമീകരിച്ചിരിക്കുന്നത്. ഏതെങ്കിലും പഠനകേന്ദ്രത്തിൽ 20-ൽ കുറവ് വിദ്യാർഥികൾ മാത്രമെ രജിസ്റ്റർ ചെയ്തിട്ടുള്ളുവെങ്കിൽ പ്രസ്തുത വിദ്യാർഥികളെ മറ്റ് പഠനകേന്ദ്രങ്ങളുമായി കൂട്ടിച്ചേർത്താണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്.

■ **അപേക്ഷിക്കേണ്ട വിധം**

- 25.06.2025 മുതൽ സ്കോൾ-കേരളയുടെ വെബ്സൈറ്റ് (www.scolekerala.org) മുഖാന്തിരം വിദ്യാർഥികൾക്ക് ഓൺലൈനായി DCA കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.
- **വിദ്യാർത്ഥികളുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ഫോട്ടോ അപ്ലോഡ് (25 KB) ചെയ്യേണ്ടതും, ഓൺലൈനായി ഫീസ് ഒടുക്കി സ്കൂളുകൾ സെലക്ട് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതുമാണ്.**
- അപേക്ഷ confirm ചെയ്തതിനു ശേഷം പ്രിന്റ് ഔട്ട് എടുത്ത് ഓൺലൈൻ ഫീസ് രസീത്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം നിശ്ചിത തീയതിക്കുള്ളിൽ സ്കോൾ-കേരള സംസ്ഥാന ഓഫീസിൽ/ജില്ലാ ഓഫീസിൽ നേരിട്ടോ, തപാൽ മാർഗമോ എത്തിക്കണം. വിലാസം: **എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 12**
- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം യൂസർ ഐ ഡി, പാസ്വേഡ് ഉപയോഗിച്ച് ഐഡന്റിറ്റി കാർഡിന്റെ പ്രിന്റ് ഔട്ട് എടുക്കാവുന്നതാണ്. അത് ബന്ധപ്പെട്ട പഠന കേന്ദ്രം കോഡിനേറ്റിംഗ് ടീച്ചറുടെ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിക്കേണ്ടതാണ്.
- പഠനകേന്ദ്രങ്ങൾ പരീക്ഷാകേന്ദ്രങ്ങളാകണമെന്നില്ല.

■ **സമ്പർക്കക്ലാസ്**

- കേരളത്തിലെ തെരഞ്ഞെടുത്ത ഗവൺമെന്റ്, എയ്ഡഡ് ഹയർസെക്കൻഡറി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ അവധി ദിവസങ്ങളിൽ സമ്പർക്കക്ലാസുകൾ സംഘടിപ്പിക്കും.
- 6 മാസം/ 240 മണിക്കൂർ ക്ലാസ് (120 മണിക്കൂർ തിയറി, 120 മണിക്കൂർ പ്രാക്ടിക്കൽ) വിദ്യാർഥികൾക്ക് ലഭിക്കുന്ന രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്.
- പരമാവധി 35 വിദ്യാർത്ഥികളും കുറഞ്ഞത് 20 വിദ്യാർഥികളും ഉൾക്കൊള്ളുന്നതാണ് ഒരു ബാച്ച്.
- തീയറി, പ്രാക്ടിക്കൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത് ഹയർസെക്കൻഡറി കമ്പ്യൂട്ടർ വിഭാഗം അധ്യാപകരാണ്.
- **പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ 75 ശതമാനം ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം. നിശ്ചിത ഹാജർ ലഭിക്കാത്ത വിദ്യാർഥികൾ ഹാജർ കുറവ് പരിഹരിക്കുന്നതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.**
- അധ്യാപകരുടെ നിർദ്ദേശാനുസരണം റെക്കോഡു വർക്കുകൾ, സി.സി.ഇ മറ്റ് അനുബന്ധ രേഖകൾ എന്നിവ നിശ്ചിത തീയതിക്കകം തന്നെ ഹാജരാക്കേണ്ടതാണ്.

STATE COUNCIL FOR OPEN AND LIFELONG EDUCATION · KERALA · SCOLE-KERALA · Vidhya Bhavan Poojappura Thiruvananthapurm 695012

**എക്സിക്യൂട്ടീവ് ഡയറക്ടർ**

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, info@scolekerala.org.www.scolekerala.org

**നം: സി1/1608/25/സ്കോൾ-കേരള** **തീയതി: 18.06.2025**

## പത്രക്കുറിപ്പ്

**സ്കോൾ-കേരള - ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ)**
**പതിനൊന്നാം ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.**

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ-കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് പതിനൊന്നാം ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി / തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായപരിധിയില്ലാതെ അപേക്ഷിക്കാവുന്നതാണ്. **25.06.2025** മുതൽ www.scolekerala.org വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ **15.07.2025** വരെയും 60/- രൂപ പിഴയോടെ **25.07.2025** വരെയും ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർത്ഥികൾ ഓൺലൈൺ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗ്ഗം എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സ്കോൾ-കേരള വെബ്സൈറ്റ് സന്ദർശിക്കുക. 0471-2342950, 2342271, 2342369 എന്നീ നമ്പറുകളിൽ നിന്നും വിവരങ്ങൾ ലഭ്യമാണ്.

**സെക്രട്ടറി**

Vidhya Bhavan Poojappura Thiruvananthapurm 695012 — COUNCIL FOR OPEN AND LIFELONG EDUCATION - KERALA - SCOLE KERALA

C5/E/Pres/DCA/Ltr/42